അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെന്റ്), നന്ദാവനം, തിരുവനന്തപുരം-33
Ph:04712322136 , e-mail: addlecenfo.exc@kerala.gov.in
exenforcement@gmall.com

നം. സി.എ./എ.ഡി.ഇ.സി.-66/2017 തീയതി ; 15.12.2017

പ്രേഷകൻ

അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
തിരുവനന്തപുരം

ഗ്രാഹകൻ

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും

സർ

വിഷയം; - എഫ്.എൽ- 6 പെർമിറ്റ് നൽകുന്നതിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

തിരുവനന്തപുരത്ത് പൊതു ചടങ്ങുകൾ നടത്തപ്പെടുന്ന ഒരു കേന്ദ്രത്തിൽ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ അനധികൃതമായി സൂക്ഷിച്ച 32 കുപ്പി ഐ.എം.എഫ്.എല്ലും, 375 കുപ്പി വിവിധയിനം ബിയറുകളും കണ്ടെടുക്കുകയും, ആയതിലേക്ക് U/s 13r/w Sec 63 & 56 (b) of Abkari Act I of 1077 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു. അന്വേഷണത്തിൽ one day permit (Sec 13(6)) of Foreign Liquor Rules 1953 പ്രകാരം വാങ്ങിയ മദ്യ/ ബിയറുകളിൽ ബാക്കി വന്നതാണെന്ന് പ്രതികൾ പറഞ്ഞ് അറിവായിട്ടുള്ളതാകുന്നു. പെർമിറ്റിന്റെ പകർപ്പ് ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയെങ്കിലും ആവശ്യമായ നടപടികൾ യഥാസമയം ടിയാൻ സ്വീകരിക്കാത്തതാണ് പ്രധാന കാരണമെന്ന് വ്യക്തമാകുന്നു. അതിനാൽ തുടർന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ Under FL Rule 13 (6) പ്രകാരം പെർമിറ്റ് നൽകി

(PTO)

കഴിഞ്ഞാൽ ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ സമയപരിധി കഴിയുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ നിലവിലെ നടപടി ക്രമം ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

എ.വിജയൻ ഐ.പി.എസ്
അഡീഷണൽഎക്സൈസ് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)

പകർപ്പ്;

1. എക്സൈസ് കമ്മീഷണറുടെ അറിവിലേക്കായി
2. ജോയിന്റ് എക്സൈസ് കമ്മീഷണർ (ഇ.ഐ & ഐ.ബി)
3. എല്ലാ സോണൽ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും നടപടി സ്വീകരിക്കുന്നതിനു വേണ്ടി.
4. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

Endt. on DIs. 38/17 dt. 18.12.17

Forwarded to all CIs(x) for information and strict compliance.

For
DEPUTY COMMISSIONER OF EXCISE
PATHANAMTHITTA